കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡ് എറണാകുളം

W6-11876/17 തീയതി: 01.04.2017

<u>സർക്കുലർ</u> നമ്പർ:48/2017-18

വിഷയം: കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിന്റെ റോളിലുള്ള അൺ-അറ്റാച്ച്ഡ് വിഭാഗം തൊഴിലാളി മരണപ്പെട്ടാൽ ആശ്രിതർക്ക് തൊഴിലാളി മരണമടഞ്ഞ തീയതി മുതൽ തൊട്ടടുത്ത 3 മാസത്തേയ്ക്ക് പ്രതിമാസം 1500/- രൂപ വീതം പരമാവധി 4500/- രൂപ നൽകുന്നത് പ്രതിമാസം 2500/- രൂപ വീതം പരമാവധി 7500/- രൂപയായി വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച്.

സൂചന:
1) 2017-18 വർഷത്തിലെ ബഡ്ജറ്റ് ശുപാർശ
2) 13.03.2017 തീയതിയിലെ 468-മത് ബോർഡ് യോഗ തീരുമാനം (18).
3) 22.09.2014 തീയതിയിലെ 17/2014-15 നമ്പർ ബോർഡ് സർക്കുലർ.

2014-15 -ലെ ബോർഡിന്റെ ബഡ്ജറ്റ് പ്രകാരം സേവനത്തിലിരിക്കെ മരണപ്പെടുന്ന തൊഴിലാളികളുടെ കുടുംബത്തിന് മേൽസൂചന (3) പ്രകാരം തൊഴിലാളി കൈപ്പറ്റിയ ശരാശരി മാസ വേതനത്തിന്റെ പകുതിയോ, 1500/- രൂപയോ ഏതാണോ കുറവ് ആയത് 3 മാസക്കാലത്തേയ്ക്ക് ഒരു പ്രത്യേക ആശ്വാസ ധനസഹായമായി അനുവദിച്ചു വരുന്നു.

2017-2018 -ലെ ബോർഡിന്റെ ബഡ്ജറ്റ് നിർദ്ദേശ പ്രകാരം സേവനത്തിലിരിക്കെ മരണപ്പെടുന്ന തൊഴിലാളികളുടെ കുടുംബത്തിന് തൊട്ടടുത്ത 3 മാസത്തേയ്ക്ക് പ്രതിമാസം 1500/- രൂപ വീതം പരമാവധി 4500/- രൂപ നൽകുന്നത് പ്രതിമാസം 2500/- രൂപ വീതം പരമാവധി 7500/- രൂപയായി വർദ്ധിപ്പിക്കുന്നതിന് 13.03.2017 തീയതിയിലെ 468-ാമത് ബോർഡ് യോഗംതീരുമാനിച്ചു.

നിയമം 18(9)-ാം വകുപ്പ്, ചട്ടം 14 എന്നിവ പ്രകാരം സേവനത്തിലിരിക്കെ മരണപ്പെട്ട തൊഴിലാളികളുടെ കുടുംബത്തിന് ആശ്വാസ ധനസഹായമായി നൽകുന്ന തുക വർദ്ധിപ്പിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

സേവനത്തിലിരിക്കെ മരണപ്പെടുന്ന തൊഴിലാളികളുടെ നോമിനി / അവകാശിക്ക് മരണപ്പെട്ട തീയതി മുതൽ അടുത്ത 3 മാസക്കാലത്തയ്ക്ക് തൊഴിലാളി മരണപ്പെടുന്നതിന് മുമ്പ് കമ്മിറ്റി മുഖേന കൈപ്പറ്റിയ 6 മാസത്തെ ശരാശരി മാസ വേതനത്തിന്റെ പകുതിയോ 2500/- രൂപയോ ഏതാണോ കുറവ് ആയത് പ്രത്യേക ധനസഹായമായി പരമാവധി 7500/- രൂപ വരെ നൽകേണ്ടതാകുന്നു. ആനുകൂല്യത്തിന്റെ മറ്റ് അർഹതാ മാനദണ്ഡങ്ങളിൽ യാതൊരുവിധ മാറ്റങ്ങളും ഉണ്ടായിരിക്കുന്നതല്ല.

ഈ അറിയിപ്പ് ലഭിച്ച വിവരം മടക്ക തപാലിൽ റിപ്പോർട്ട് ചെയ്യേണ്ടതും മേഗതി ചെയ്യപ്പെട്ട വ്യവസ്ഥകൾ ക്ളർക്ക് തലം മുതലുള്ള എല്ലാ ഉദ്യോഗസ്ഥരുടെയും കമ്മിറ്റി / സബ് ഓഫീസ് അംഗങ്ങളുടെയും തൊഴിലാളികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നതിന് കമ്മിറ്റി ചെയർമാൻ നടപടി സ്വീകരിക്കേണ്ടതാണ്.

(ഒപ്പ്)
ചീഫ് എക്സിക്യൂട്ടീവ്

സ്വീകർത്താവ്,

1. എല്ലാ ജില്ലാ കമ്മിറ്റി/സബ് ഓഫീസ് ചെയർമാൻമാർക്ക്,
2. കൊച്ചിൻ പോർട്ട് ട്രസ്റ്റ് ഏരിയ കമ്മിറ്റി ചെയർമാന്.

പകർപ്പ്:

1. ഫിനാൻസ് ഓഫീസർ / സെക്രട്ടറി
2. അക്കൗണ്ട്സ് ഓഫീസർമാർക്കും/ജൂനിയർ സൂപ്രണ്ട് മാർക്കും
3. സ്റ്റോക്ക് ഫയൽ.

//ഉത്തരവിൻ പ്രകാരം//

ജൂനിയർ സൂപ്രണ്ട്